**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 26.09.2025

# വിജിലൻസ് കേസിൽ ശിക്ഷ അനുഭവിക്കാതെ ഒളിവിൽ കഴിഞ്ഞിരുന്ന കെ.എസ്. എഫ്.ഇ മുൻ മാനേജരെ അറസ്റ്റ് ചെയ്തു.

തിരുവനന്തപുരം കരമന സ്വദേശിയായ പ്രഭാകരൻ പി, 1993 കാലഘട്ടത്തിൽ കെ.എസ്.എഫ്.ഇ ചാല ബ്രാഞ്ചിൽ മാനേജരായിരിക്കെ വ്യാജ രേഖകൾ സമർപ്പിച്ച് ഭാര്യയുടെയും സഹോദരിയുടെയും പേരിൽ പിടിച്ച ചിട്ടികളുടെ തുക മാറി എടുത്തിരുന്നു. ഇല്ലാത്ത ആളുകളുടെ പേരിൽ വ്യാജ എംപ്ലോയിമെന്റ് സർട്ടിഫിക്കേറ്റുകൾ ഹാജരാക്കിയായിരുന്നു ചിട്ടി തുക അനുവദിച്ച് എടുത്തത്. ഇതിലേക്ക് തിരുവനന്തപുരം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം പൂർത്തിയാക്കി തിരുവനന്തപുരം വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. തിരുവനന്തപുരം വിജിലൻസ് കോടതി 2010 ൽ പ്രഭാകരൻ പി യെ വിവിധ വകുപ്പുകളിലായി 1 വർഷം കഠിന തടവിന് ശിക്ഷിച്ച് ഉത്തരവായിരുന്നു. തുടർന്ന് വിചാരണക്കോടതിയുടെ ഉത്തരവിനെതിരെ പ്രതി ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ഹൈക്കോടതി ശിക്ഷ ശരി വയക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രതി ശിക്ഷ അനുഭവിക്കുന്നതിനായി കോടതിയിൽ കീഴടങ്ങാതെ ഒളിവിൽ പോകുകയായിരുന്നു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രഭാകരൻ പി യെ കരമനയിലെ വീട്ടിൽ നിന്നും ഇന്ന് (26.09.2025) വൈകിട്ട് 03.00 മണിക്ക് വിജിലൻസ് സംഘം അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കി. പ്രഭാകരൻ പി യെ ശിക്ഷ അനുഭവിക്കുന്നതിനായി വിജിലൻസ് കോടതി തിരുവനന്തപുരം സെൻട്രൽ ജയിലിലടച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.